# യോഹന്നാന്റെ ജീവപഠനം

## ദൂത് ഏഴ്

## ജീവന്റെ ഉദ്ദേശ്യം

Mon

### II. ജീവന്റെ ഉദ്ദേശ്യം– ദൈവത്തിന്റെ ഭവനം പണിയുക

യോഹന്നാൻ രണ്ടാം അദ്ധ്യായത്തിൽ ഒന്നാമതായി വെള്ളം വീഞ്ഞാക്കി മാറ്റുന്ന സംഭവവും(2:1–11) അതിനെത്തുടർന്ന്, ആലയത്തോട് ഇടപെടുന്ന സംഭവവും(2:12–22) ഉണ്ടെന്ന് കാണുന്നത് തികച്ചും കൗതുകകരമാണ്. ഈ രണ്ട് സംഭവങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത് കേവലം ചരിത്രസംഭവങ്ങളുടെ വിവരണത്തിനപ്പുറമായി ചിലത് സൂചിപ്പിക്കുവാനാണെന്ന് നാം വിശ്വസിക്കണം. മരണത്തെ ജീവനാക്കി മാറ്റിയതിനുശേഷം ആലയത്തോട് ഇടപെട്ടത് എന്തിനായിരുന്നു? ജീവൻ ദൈവത്തിന്റെ ആലയത്തിന് വേണ്ടിയാണെന്ന് ഇത് കാണിക്കുന്നു. അതായത്, ജീവൻ ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടിയാണ്. കർത്താവ് വെള്ളം വീഞ്ഞാക്കി മാറ്റുന്ന സംഭവത്തിൽ നാം ജീവന്റെ തത്ത്വം അതായത് മരണത്തെ ജീവനാക്കി മാറ്റുന്നത് കണ്ടു. ഇപ്പോൾ ആലയത്തോട് ഇടപെടുന്ന സംഭവത്തിൽ നാം ജീവന്റെ ഉദ്ദേശ്യം, ദൈവത്തിന്റെ ഭവനം പണിയുക എന്ന ലക്ഷ്യം, കാണുന്നു.

### A. യേശു മന്ദിരത്തെ ശുദ്ധീകരിക്കുന്നു

യോഹന്നാൻ 2:12–22 കർത്താവ് ആലയത്തോട് ഇടപെടുന്നതിന്റെ രണ്ടു വശങ്ങൾ കാണിക്കുന്നു–ശുദ്ധീകരിക്കുക എന്ന വശവും കെട്ടുപണിയുക എന്ന വശവും. ദൈവത്തിന്റെ ശത്രുവായ സാത്താൻ എല്ലായ്പ്പോഴും ദൈവമന്ദിരത്തെ നശിപ്പിക്കുവാനോ തടസ്സപ്പെടുത്തുവാനോ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പാപകരമായ അനേക കാര്യങ്ങളെക്കൊണ്ട് അതിനെ മലിനമാക്കുവാൻ അവൻ ശ്രമിക്കുന്നു. ദൈവഭവനത്തിന് ശുദ്ധീകരണം ആവശ്യമായിരിക്കുന്നതിന്റെ കാരണം ഇതാണ്.

### 1. പെസഹ സമീപമായിരുന്നു

യെഹൂദന്മാരുടെ പെസഹാ സമീപം ആയിരുന്ന ഒരു സമയത്താ യിരുന്നു യേശു മന്ദിരം ശുദ്ധീകരിച്ചത്(2:13). ദൈവത്തിന്റെ രക്ഷ യുടെ അനുസ്മരണമായിരുന്നു അക്കാലത്ത് പെസഹാ(പുറ.12:2-11; ആവ.16:1-3). ഈ അനുസ്മരണത്തിലൂടെ യെഹൂദന്മാർ അവരുടെ മന്ദിരത്തിൽ ദൈവത്തെ ആരാധിച്ചു. എന്നാൽ കർത്താവായ യേശു യെരുശലേമിൽ ചെന്നപ്പോൾ അവരുടെ മന്ദിരം ആടുകൾ, കാളകൾ, പ്രാവുകൾ എന്നിവയെക്കൊണ്ടും നാണയം മാറ്റിക്കൊടുക്കുന്നവരെ ക്കൊണ്ടും നിറഞ്ഞിരുന്നു. അതുകൊണ്ട് മന്ദിരത്തിനു ശുദ്ധീകരണം ആവശ്യമായിരുന്നു; കർത്താവായ യേശു അത് നിർവ്വഹിച്ചു.

നാം, കർത്താവിനെ അനുസ്മരിക്കുന്നതിന് ഒരു മുൻകുറിയായി രുന്നു പെസഹ(1 കൊരി.11:24-25). നാം ദൈവത്തിന്റെ മന്ദിരം ആകുന്നു (1കൊരി.3:16). അവനെ ഓർക്കുവാനായി കർത്തൃമേശയിങ്കലേക്ക് നാം വരുമ്പോൾ ഭൗമികകാര്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കുവാൻ വളരെ സാധ്യതയുണ്ട്. അതുകൊണ്ട് ദൈവത്തിന്റെ ശരിയായ മന്ദിരമായിരി ക്കുവാൻ നമുക്കും ശുദ്ധീകരണം ആവശ്യമാണ്.

### 2. മന്ദിരത്തിന്റെ ശുദ്ധീകരണം

#### a. ഓടപ്പുല്ലുകൊണ്ടുള്ള കയറുകൊണ്ടുണ്ടാക്കിയ ചമ്മട്ടിയുപയോഗിച്ച്

നമുക്ക് യോഹന്നാൻ 2:14-16 വായിക്കാം, "ദൈവാലയത്തിൽ കാള, ആട്, പ്രാവ് എന്നിവയെ വിൽക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻവാണിഭക്കാരെയും കണ്ടിട്ട് കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടുകൂടെ എല്ലാവരേയും ദൈവമന്ദിരത്തിൽനിന്നു പുറ ത്താക്കി. പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു. മേശകൾ മറിച്ചിട്ടു; പ്രാവുകളെ വിൽക്കുന്നവരോട്, ഇത് ഇവിടെനിന്നു കൊണ്ടു പോകുവിൻ; എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാലയാക്ക രുത് എന്ന് പറഞ്ഞു."ഒരു ചാട്ട അഥവാ കയറുകൊണ്ടുള്ള ചമ്മട്ടി ഉപയോഗിച്ച് ശുദ്ധീകരിച്ചുകൊണ്ട് കർത്താവ് ദൈവാലയത്തോട് ഇ ടപെട്ടു. ആധികാരിക പരിഭാഷയിൽ കർത്താവ് ചെറിയ കയറുകൾ കൊണ്ടുള്ള ഒരു ചാട്ട ഉണ്ടാക്കി എന്ന് പറയുന്നു. എന്നാൽ ചില പരിഭാഷകളിൽ വിലകുറഞ്ഞതും സാധാരണവുമായ ഓടപ്പുല്ലുകൊ ണ്ടുള്ള ചാട്ടയോ ചമ്മട്ടിയോ കർത്താവുണ്ടാക്കിയെന്ന് പറയുന്നു. കർത്താവ് സാധാരണ വസ്തുക്കളായ ഓടപ്പുല്ലുകൾ കൊണ്ട് ഒരു ചാട്ടയോ ചമ്മട്ടിയോ ഉണ്ടാക്കി, അതുപയോഗിച്ച് ആലയം ശുദ്ധീക രിച്ചു. അവൻ കാള, ആട്, പ്രാവുകൾ എന്നിവയെയും നാണയങ്ങളും നീക്കിക്കളഞ്ഞു. എല്ലാ ഭൗമിക വ്യാപാരങ്ങളെയും പുറന്തള്ളുന്നതായി അത് സൂചിപ്പിക്കുന്നു. നാം ദൈവത്തിന്റെ മന്ദിരമാണെങ്കിലും ദൈവ

ദൈവത്തെക്കൊണ്ട് നിറഞ്ഞവരല്ല. നാം ദൈവമല്ലാത്ത മറ്റനേക കാര്യങ്ങൾകൊണ്ട് നിറഞ്ഞവരാണ്. നാം ദൈവത്തിന്റെ ആലയമെന്ന നിലയിൽ ദൈവത്തെക്കൊണ്ട് നിറയേണ്ടവരാണ്. എന്നാൽ വാസ്തവത്തിൽ നാം വാണിജ്യം, പണം, നാണയവിനിമയക്കാരുടെ മേശകൾ എന്നിവകൊണ്ട് നിറഞ്ഞവരാണ്. അതുകൊണ്ട് നമ്മിൽനിന്ന് ഇക്കാര്യങ്ങൾ നീക്കിക്കളയുവാൻ കർത്താവിന് കയറുകൾകൊണ്ട് ചമ്മട്ടിയുണ്ടാക്കണം.

പലപ്പോഴും ഓടപ്പുല്ലുകൾ എന്നപോലെ സാധാരണവും താണതരത്തിലുള്ളതുമായ കാര്യങ്ങൾ നമ്മെ ശുദ്ധീകരിക്കുവാൻ കർത്താവ് ഉപയോഗിക്കുന്നു. ചിലപ്പോൾ നിങ്ങളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മാതാപിതാക്കൾ അല്ലെങ്കിൽ കുട്ടികൾ, യജമാനൻ അല്ലെങ്കിൽ ജോലിക്കാർ തുടങ്ങിയ സാധാരണക്കാരെ നിങ്ങളെ ശുദ്ധീകരിക്കുവാൻ അവൻ ഉപയോഗിക്കുന്നു. നമ്മെ ശുദ്ധീകരിക്കുവാൻ സാധാരണക്കാരെക്കൊണ്ടും സാധാരണകാര്യങ്ങൾകൊണ്ടും കർത്താവ് ഉണ്ടാക്കിയ കയറുകൾകൊണ്ടുള്ള ചമ്മട്ടിയുടെ അനുഭവം നമുക്കെല്ലാമുണ്ട്. ചിലപ്പോൾ കാര്യങ്ങൾ കീഴ്മേൽ മറിച്ചുകൊണ്ട് കർത്താവ് നമ്മുടെ ജീവിതത്തിലിടപെടുന്നു. അവൻ വരുന്നത് ആടുകളെയും കാളകളെയും പ്രാവുകളെയും പുറത്താക്കുവാനും മുഴുവൻ ചുറ്റുപാടിലും ആശയക്കുഴപ്പം ഉണ്ടാക്കുവാനായി മേശകളെ മറിച്ചിടുവാനും ആണ്. ഉദാഹരണത്തിന്, കഴിഞ്ഞ വർഷം ബിസിനസ്സിൽ നിങ്ങൾ ധാരാളം പണം സമ്പാദിച്ചു. എന്നാൽ ഈ വർഷം നിങ്ങൾക്ക് എല്ലാം നഷ്ടമാകുന്നു. അത് നിങ്ങളെ ശുദ്ധീകരിക്കുവാൻ കർത്താവ് ഉപയോഗിക്കുന്ന ഒരു ചമ്മട്ടിയാണ്. അന്വേഷകരായ എല്ലാ ക്രിസ്ത്യാനികളോടുമൊപ്പം ചിലർ, അല്ലെങ്കിൽ ചില കാര്യങ്ങൾ, അവരെ ശുദ്ധീകരിക്കുവാനുണ്ടാകും.

പൊതുവേ പറഞ്ഞാൽ, അന്വേഷിക്കുന്ന ദൈവപൈതലായ ഒരു ഭാര്യ, അവളുടെ ഭർത്താവ് ആത്മികനും കർത്താവിനെ സ്നേഹിക്കുന്നവനും ആയിരിക്കുവാൻ എപ്പോഴും ആഗ്രഹിക്കും. എന്നാൽ ചിലപ്പോൾ നേരെ വിപരീതമാണ് നടക്കുന്നത്. കർത്താവിനെ സ്നേഹിക്കുന്ന ഒരു ഭർത്താവ് എപ്പോഴും കർത്താവിലേക്ക് നോക്കുന്നത്, തന്റെ ഭാര്യ ആത്മികയും കർത്താവിനെ സ്നേഹിക്കുന്നവളും ആയിരിക്കുന്നതിനാണ്. എന്നാൽ ചിലപ്പോൾ അത് അവന്റെ ആശയ്ക്ക് വിപരീതമായാണ് സംഭവിക്കുക. കർത്താവിനെ ആത്മാർത്ഥമായി അന്വേഷിക്കുകയും തങ്ങളുടെ മക്കൾക്കുവേണ്ടി നിത്യേന പ്രാർത്ഥിക്കുകയും ചെയ്യുന്ന മാതാപിതാക്കളും ചിലപ്പോൾ തങ്ങളുടെ മക്കൾ വഴിതെറ്റിപ്പോകുന്നതു കണ്ട് വിഷമിക്കുന്നു. നിങ്ങൾ അനുഭവിക്കുന്ന ചമ്മട്ടി കർത്താവ് ഉണ്ടാക്കിയതാണ്. നിങ്ങളുടെ ഭർത്താവ് അല്ലെങ്കിൽ ഭാര്യ വളരെ ആത്മീയ വ്യക്തിയാണെങ്കിൽ

നിങ്ങളെ ശുദ്ധീകരിക്കുവാൻ കർത്താവിന് ചമ്മട്ടിയുണ്ടാകുകയില്ല. നിങ്ങളുടെ പുത്രന്മാർ പത്രൊസിനെയും യോഹന്നാനെയും പോലെയും, പുത്രി മറിയയെപ്പോലെയും ആകുന്നുവെങ്കിൽ ഒരു ചമ്മട്ടിയുണ്ടാക്കുവാൻ കർത്താവിന് ഓടപ്പുല്ല് ലഭ്യമാവുകയില്ല. നിങ്ങളുടെ മാതാപിതാക്കൾ അബ്രഹാമിനെയും സാറായെയും പോലെ ആകുന്നുവെങ്കിൽ ഒന്നും നിങ്ങളെ ശുദ്ധീകരിക്കുകയില്ല. ഒരു വശത്ത്, നിങ്ങൾ നിത്യവും കർത്താവിനെ വിരുന്നായി ആസ്വദിക്കും. എന്നാൽ മറുവശത്ത്, നിങ്ങളെ ശുദ്ധീകരിക്കുവാൻ പല പ്രാവശ്യം കർത്താവ് ചമ്മട്ടി അയയ്ക്കും. പലപ്പോഴും സഭയിലെ സഹോദരീസഹോദരന്മാരെപ്പോലും നിങ്ങളിലുള്ള വാണിജ്യത്തെയും നാണയമാറ്റക്കാരെയും നിർമ്മാർജ്ജനം ചെയ്യുവാൻ ചരടുകൾകൊണ്ടുള്ള ചമ്മട്ടിയായി കർത്താവ് ഉപയോഗിക്കും.

Tue

### *b. ദൈവഭവനത്തിനു വേണ്ടിയുള്ള കർത്താവിന്റെ ഹൃദയാഗ്രഹം*

"അപ്പോൾ അവന്റെ ശിഷ്യന്മാർ നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നു കളയുന്നു എന്ന് എഴുതിയിരിക്കുന്നത് ഓർത്തു,"എന്ന് 17-ാം വാക്യം പറയുന്നു. കർത്താവായ യേശുവിന്റെ ഉള്ളിൽ ദൈവഭവനത്തിനുവേണ്ടിയുള്ള ഒരു എരിവ് ഉണ്ടായിരുന്നു. ഈ എരിവ് അവനെ വിഴുങ്ങിയിരുന്നു; അവനെ തിന്നിരുന്നു; അവനെ ഗ്രസിച്ചിരുന്നു. അവൻ പൂർണ്ണമായും പിതാവിന്റെ ഭവനത്തിനുവേണ്ടിയുള്ളവനായിരുന്നു. പിതാവിന്റെ ഭവനമായിരുന്നു അവന്റെ ഹൃദയാഗ്രഹം. ആലയത്തിനുള്ളിലെ ദുഷിച്ചതായ അവസ്ഥ അവൻ കണ്ടപ്പോൾ അവന് അത് സഹിക്കുവാൻ കഴിഞ്ഞില്ല. ഒരു ചമ്മട്ടികൊണ്ടുപോലും, അവൻ അതിനെ ശുദ്ധീകരിച്ചു. പിതാവിന്റെ ഭവനത്തിനായുള്ള എരിവിനാൽ എല്ലാ മാലിന്യത്തെയും അതിൽനിന്ന് നീക്കിക്കളയുവാൻ അവൻ നിർബന്ധിതനായി. അവന്റെ ഹൃദയം പിതാവ് നിമിത്തം നിർമ്മലമായിരുന്നു. തന്റെ പിതാവിന്റെ ഭവനമായ ആലയം മലിനപ്പെട്ടതായി, മനുഷ്യന്റെ അത്യാഗ്രഹം മൂലമുള്ള കാര്യങ്ങളാൽ ദുഷിപ്പിക്കപ്പെട്ടതായി കാണുന്നത് അവന് സഹിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട്, അവൻ അതിനെ ശുദ്ധീകരിച്ചു.

പാപകരവും ലോകപരവുമായ അനേക കാര്യങ്ങൾകൊണ്ട് സഭാജീവിതത്തെ മലിനപ്പെടുത്തുവാനും ദുഷിപ്പിക്കുവാനും സാത്താൻ തന്നാലാവത് ശ്രമിക്കുന്നു. സ്ഥലംസഭകൾ ഉള്ളിടത്തെല്ലാം ഇതെപ്പോഴും സംഭവിക്കും. എന്നാൽ സാത്താന്റെ ദുഷിപ്പിക്കൽ കർത്താവിന്റെ ശുദ്ധീകരണം കൊണ്ടുവരുന്നതിനായി കർത്താവിനെ സ്തുതിക്കാം. ശത്രുവായ സാത്താൻ എപ്പോഴും തിരക്കിലാണ്. അവൻ ഒരിക്കലും ഉറങ്ങുന്നില്ല. എവിടെയെങ്കിലും ഒരു സ്ഥലംസഭ സ്ഥാപിക്ക

പ്പെടുമ്പോൾ, സാത്താൻ അതിനെ മലിനപ്പെടുത്തുവാൻ ശ്രമിക്കും. നമുക്ക് അനുഭവം കുറവാണെങ്കിൽ നാമതിനെ സംബന്ധിച്ച് വളരെ ഉത്കണ്ഠയുള്ളവരായിരിക്കും. സഭ ശത്രുവിനാൽ മലിനപ്പെട്ടതിൽ നാം പ്രയാസമുള്ളവരാകും. നിങ്ങളെ ആശ്വസിപ്പിക്കുവാൻ ഞാനൊരു വാക്കു പറയട്ടെ. നിങ്ങളുടെ സ്ഥലംസഭ മലിനപ്പെട്ടുവെങ്കിൽ നിങ്ങൾ അധൈര്യപ്പെടരുത്. "കർത്താവേ ഇത് നിന്റെ സമയമാണ്. കർത്താവേ കടന്നുവരൂ. സാത്താന്റെ മലിനീകരണം നിന്റെ ശുദ്ധീകരണത്തെ കൊണ്ടുവരുകയേ ഉള്ളൂ"എന്ന് നിങ്ങൾ പറയണം.

### B. തകർക്കപ്പെടുകയും പുനരുത്ഥാനത്തിൽ വീണ്ടും ഉയിർപ്പിക്കപ്പെടുകയും ചെയ്ത ആലയമാണ് യേശുവിന്റെ ശരീരം

സാത്താന്റെ ലക്ഷ്യം ആലയത്തെ മലിനമാക്കുക മാത്രമല്ല, അതിനെ നശിപ്പിക്കുകയുമായിരുന്നു. ദൈവഭവനത്തെ നശിപ്പിക്കുക എന്നതായിരുന്നു അവന്റെ ആത്യന്തിക ലക്ഷ്യം. എന്നാൽ സാത്താൻ നശിപ്പിച്ചതിനെ കർത്താവ് മൂന്നു ദിവസംകൊണ്ട് ഉയിർപ്പിച്ചു(2:19). ഇതിനർത്ഥം ശത്രു തകർത്തതിനെ കർത്താവ് തന്റെ പുനരുത്ഥാന ജീവനിൽ കെട്ടുപണി ചെയ്തു എന്നാണ്. സഭയെ കർത്താവ് പ്രത്യുദ്ധരിക്കുന്നതിനെ സംബന്ധിച്ച് നാം വിഷമിക്കേണ്ട ആവശ്യമില്ല. കാരണം, ശത്രു തകർക്കുന്തോറും കർത്താവ് കൂടുതലായി പുനരുത്ഥാനത്തിൽ കെട്ടുപണിയും."ഈ മന്ദിരം പൊളിക്കുവിൻ, മൂന്നു ദിവസം കൊണ്ട് ഞാൻ അതിനെ പണിയും"(2:19) എന്നാണ് കർത്താവിന്റെ വാക്ക്. അതായത്, ശത്രു ദൈവഭവനമായ സഭയെ ക്ഷയിപ്പിക്കുകയും തകർക്കുകയും ചെയ്തേക്കാം. എന്നാൽ കർത്താവ് അതിനെ പുനരുത്ഥാനത്തിലും പുനരുത്ഥാനത്താലും കെട്ടുപണിയും. ശത്രു കേടു വരുത്തിയതിനു ശേഷം, കർത്താവ് വലിയതോതിൽ കെട്ടിടം പണിയും. സഭയിലുള്ള ചിന്താക്കുഴപ്പത്തെ സംബന്ധിച്ച് നാം വിഷമിക്കരുത്. കാരണം കർത്താവിന്റെ ശരീരമായ സഭ പുനരുത്ഥാനത്തിന്റെ പ്രക്രിയയിലാണ്. ശത്രു വരുത്തിവയ്ക്കുന്ന തകർച്ച ആവശ്യമാണ്. കാരണം സ്വാഭാവികമായതെല്ലാം തകർക്കപ്പെടണം. സ്വാഭാവികമായതിനെ മാത്രമേ ശത്രുവിന് നശിപ്പിക്കുവാൻ കഴിയൂ. പിന്നീട്, കർത്താവ് പുനരുത്ഥാനത്തിൽ തന്റെ സഭയെ പണിതുയർത്തും. എല്ലായ്പ്പോഴും കുഴപ്പങ്ങൾ സഭയ്ക്ക് കേടുവരുത്തിയ ശേഷം, സഭ പുനരുത്ഥാനജീവന്റെ പുതുക്കത്തിൽ പ്രത്യുദ്ധരിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യും. സഭയെ കാര്യമായി വ്രണപ്പെടുത്തിയ പല കുഴപ്പങ്ങളും ഞാൻ കഴിഞ്ഞകാലങ്ങളിൽ കണ്ടിട്ടുണ്ട്. എന്നാൽ ശത്രു തകർത്തതിലധികമായി കർത്താവ് പുനരുത്ഥാനത്തിലും പുനരുത്ഥാനത്താലും തന്റെ സഭയെ പണിതു.

പതിനേഴ് വർഷം മുമ്പ് 1958-ൽ തായ്‌വാനിലുള്ള സഭകൾ വളരെ ശക്തമായിരുന്നു. പിന്നീട് ശത്രുവിന് കടന്നുവരുവാൻ വഴിതുറന്ന ചില കാര്യങ്ങൾ സംഭവിച്ചു. ഒരു വലിയ കൊടുങ്കാറ്റ് സഭകളെ ആക്രമിച്ചു. അപ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു; സാഹചര്യം വ്യക്തമായി ഞാൻ കണ്ടു. എന്നാൽ ഞാൻ ഭയന്നില്ല. ആ ആക്രമണം 1958-ൽ ആരംഭിച്ചു. 1959-ൽ ഞാൻ യോഹന്നാന്റെ ജീവപഠനം നടത്തുകയായിരുന്നു. ഈ ദൂതിൽ പരാമർശിക്കുന്ന യോഹന്നാൻ 2-ലെ ഈ പ്രത്യേക ഭാഗത്തേക്ക് വന്നപ്പോൾ ഞാൻ പറഞ്ഞു,"സഭയെ ഇടിച്ചുകളയുവാൻ നിങ്ങളിൽ ചിലരെ ശത്രു ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇവിടുത്തെ സഭ കർത്താവിനാൽ പണിയപ്പെട്ടതാണെങ്കിൽ, നിങ്ങൾ അതിനെ ഇടിച്ചുകളയുവാൻ ശ്രമിക്കുന്തോറും അത് പണിയപ്പെടുമെന്ന് നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു." പിന്നീട് ഞാൻ തായ്‌വാനിൽനിന്ന് അമേരിക്കയിലേക്ക് പോയി. അവിടത്തെ സഭകൾ നശിപ്പിക്കപ്പെടുമെന്ന് ഞാൻ ഭയപ്പെട്ടിരുന്നില്ല. അതുകൊണ്ട്, ഞാൻ സമാധാനത്തോടെ അമേരിക്കയിലേക്ക് പോയി. പിന്നീട്, തായ്‌വാനിലെ സഭകളിൽനിന്ന് മുതിർന്നവർ എനിക്ക് ഇങ്ങനെ പറഞ്ഞുകൊണ്ട് എഴുതി: "ശത്രു വളരെയധികം ചെയ്തു. സഹോദരൻ ദയവായി മടങ്ങിവരിക."നാലുവർഷത്തേക്ക് ഞാൻ മടങ്ങിപ്പോയില്ല. ആ നാലുവർഷക്കാലം ശത്രുചെയ്ത നാശത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് മുതിർന്ന സഹോദരന്മാരിൽനിന്ന് ധാരാളം കത്തുകൾ എനിക്ക് ലഭിച്ചു. എന്നാൽ ഓരോ തവണയും ഞാൻ ഇങ്ങനെ മറുപടിയെഴുതി,"സഹോദരന്മാരേ, സമാധാനമായിരിക്കുക. തായ്‌വാൻ ദ്വീപിലെ സഭകൾ കർത്താവ് സ്ഥാപിച്ചതാണെങ്കിൽ, ആർക്കും അതിനെ ഇടിച്ചുകളയുവാൻ കഴിയുകയില്ല. സഭകളെ തകർക്കുവാൻ അവർ ശ്രമിക്കുന്തോറും സഭകൾ പണിയപ്പെടും." ഇപ്പോൾ, 1975-ൽ, തായ്‌വാനിലെ സഭകളെല്ലാം സുസ്ഥിരമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഇന്നത്തെ ക്രിസ്തീയസാഹചര്യത്തിൽ നിരാശരാകരുത്. സാഹചര്യം ദയനീയമാണെന്ന് പറയരുത്. അത് ചിത്രത്തിന്റെ ഒരു വശം മാത്രമാണ്. കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളിൽ എല്ലായ്പ്പോഴും മറ്റൊരു വശം ഉണ്ടായിരുന്നതിനായി കർത്താവിനെ സ്തുതിക്കാം. കർത്താവായ യേശുവിനെ തോൽപ്പിക്കുവാൻ സാത്താന് ആകുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? അത് അസാധ്യമാണ്. കർത്താവായ യേശുവിനെക്കാൾ ശക്തനാണ് സാത്താനെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? തീർച്ചയായും ഉത്തരം അല്ല എന്നാണ്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഞാനെപ്പോഴും സ്വസ്ഥനാണ്. സഭയിൽ എത്രമാത്രം കുഴപ്പം ഉണ്ടായിരുന്നാലും ഞാനെപ്പോഴും നന്നായി ഉറങ്ങുമെന്ന് എന്റെ ഭാര്യയ്ക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. സാത്താനൊരിക്കലും കർത്താവായ യേശുവിനെ തോൽപ്പിക്കുവാൻ കഴിയുകയി

ല്ലെന്നും കർത്താവിന് എപ്പോഴും സാത്താന്റെമേൽ ജയമുണ്ടെന്നും എനിക്ക് പൂർണ്ണ ഉറപ്പുണ്ട്.

Wed — അവർ ഈ ആലയം തകർക്കുകയാണെങ്കിൽ താൻ അതിനെ മൂന്നു ദിവസംകൊണ്ട് പണിതുയർത്തുമെന്ന്(2:19), കർത്താവ് തന്റെ എതിരാളികളോട് പറഞ്ഞു. അവൻ എന്തിനെക്കുറിച്ചായിരുന്നു പറഞ്ഞതെന്ന് അവർക്ക് മനസ്സിലായില്ല."നിങ്ങളെന്നെ കൊല്ലുമായിരിക്കും; നിങ്ങൾ എന്റെ ശരീരത്തെ ക്രൂശിന്മേൽ ഹനിക്കുമായിരിക്കും. എന്നാൽ ഞാനതിനെ മൂന്നു ദിവസത്തിനുള്ളിൽ ഉയിർപ്പിക്കും"എന്ന് കർത്താവ് പറയുകയായിരുന്നു. അക്ഷരപ്രകാരം മാത്രം ബൈബിൾ മനസ്സിലാക്കുവാൻ ശ്രമിക്കരുത്. കാരണം അപ്രകാരം ചെയ്താൽ നിങ്ങൾ വിഷമത്തിലാകും. ഒരു വശത്ത്, കർത്താവായ യേശു ആളുകളോട് പറഞ്ഞത് അവർ അവനെ കൊന്ന ശേഷം അവൻ തന്നെ താൻ ഉയിർക്കുമെന്നായിരുന്നു(മത്താ.20:19). മറുവശത്ത്, പുതിയനിയമത്തിൽ മറ്റൊരിടത്ത് ദൈവം അവനെ ഉയിർപ്പിച്ചു എന്നു പറയുന്നു (പ്രവൃ.2:24). പുതിയനിയമത്തിൽ കർത്താവിന്റെ പുനരുത്ഥാനം രേഖപ്പെടുത്തിയിരിക്കുന്നത് രണ്ടുവിധത്തിലാണ്-ദൈവം അവനെ ഉയിർപ്പിച്ചു എന്നും അവൻ അവനെത്തന്നെ ഉയിർപ്പിച്ചു എന്നും. നാം എപ്രകാരം ഇത് മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യും? ദൈവം അവനെ ഉയിർപ്പിച്ചുവോ, അതോ അവൻ അവനെത്തന്നെ ഉയിർപ്പിച്ചുവോ? നമ്മുടെ പാപങ്ങൾക്കുവേണ്ടി യാഗമാക്കപ്പെട്ട രക്ഷകനായി കർത്താവായ യേശുവിനെ കാണിക്കുന്ന ലൂക്കൊസിന്റെ സുവിശേഷത്തിൽ കർത്താവിന് തന്നെ ഉയിർപ്പിക്കുവാൻ ദൈവം ആവശ്യമായിരുന്നു എന്ന് നാം കാണുന്നു (ലൂക്കൊ.9:22). യോഹന്നാന്റെ സുവിശേഷത്തിൽ സാഹചര്യം വ്യത്യസ്തമാണ്. യോഹന്നാനിൽ, പാപങ്ങൾക്കുള്ള യാഗമായിട്ടല്ല കർത്താവ് അറുക്കപ്പെട്ടത്. അവൻ സ്വയം തന്റെ ജീവനെ കൊടുത്തു. യേശു പറഞ്ഞു,"എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നു. ആരും അതിനെ എന്നോട് എടുത്തു കളയുന്നില്ല; ഞാൻ സ്വമേധയാ അതിനെ കൊടുക്കുന്നു; അതിനെ കൊടുക്കുവാൻ എനിക്കു അധികാരം ഉണ്ട്; വീണ്ടും പ്രാപിക്കാനും അധികാരം ഉണ്ട്" (10:17-18). യോഹന്നാന്റെ സുവിശേഷത്തിൽ ദൈവം അവനെ ഉയിർപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. പാപങ്ങൾക്കുള്ള യാഗമെന്ന നിലയിൽ ദൈവം അവനെ ഉയിർപ്പിക്കേണ്ടത് അവന് ആവശ്യമായിരുന്നു. ജീവൻ നൽകുന്നവൻ എന്ന നിലയിൽ അവന് തന്റെ ജീവനെ വച്ചുകൊടുക്കുവാനും തിരികെ പ്രാപിക്കുവാനും കഴിയുമായിരുന്നു. അവന് മരണത്തിലേക്ക് പോകുവാനും തിരികെ വരുവാനും കഴിയുമായിരുന്നു. കർത്താവ് ഇങ്ങനെ പറയുന്നതായി കരുതാം,"ഒരർത്ഥത്തിൽ നിങ്ങളാണ് എന്നെ കൊല്ലുന്നത്. എന്നാൽ എന്റെ ബോധ്യത്തിൽ ഞാനാണ് മരണത്തിലേക്ക് പോകുന്നതും അതിലൊരു സന്ദർശനം നടത്തുന്നതും പുറത്തുവരുന്നതും." ഓരോ വർഷവും അനേക സന്ദർശകർ

വാഷിംഗ്ടണിൽ വരികയും വൈറ്റ് ഹൗസ് കാണുകയും ചെയ്യാറുണ്ട്. അതുപോലെ കർത്താവായ യേശു മരണത്തിന്റെ മേഖലയിൽ ഒരു പര്യടനം നടത്തുകയും ബ്ലാക്ക് ഹൗസ് സന്ദർശിക്കുകയും ചെയ്തു. കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നും,"ബ്ലാക്ക് ഹൗസേ, ഞാൻ വന്നത് നിന്നെയൊന്ന് നോക്കുവാനും നിനക്ക് എന്തു ചെയ്യുവാൻ കഴിയുമെന്ന് കാണുവാനുമാണ്. നിനക്ക് എന്നോട് എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ? നിനക്ക് എന്നെ ഒന്നും ചെയ്യുവാൻ കഴിയാത്തതുകൊണ്ട് എന്റെ സന്ദർശനം കഴിഞ്ഞ് ഞാൻ നിന്നോട് യാത്ര പറയുകയും ജീവനിലേക്ക് തിരികെ പോകുകയും ചെയ്യും."ഇതാണ് യോഹന്നാന്റെ സുവിശേഷത്തിലെ പുനരുത്ഥാനം. കർത്താവായ യേശു അവനെത്തന്നെ വച്ചുകൊടുക്കുകയും അവനെത്തന്നെ വീണ്ടും ഉയിർപ്പിക്കുകയും ചെയ്തു.

### *1. യേശുവിന്റെ ഭൗതികശരീരം ക്രൂശിന്മേൽ യെഹൂദന്മാരാൽ തകർക്കപ്പെട്ടു*

യേശുവിന്റെ ഭൗതികശരീരം ക്രൂശിന്മേൽ യെഹൂദന്മാരാൽ തകർക്കപ്പെട്ടു. ക്രിസ്തു ജഡമായിത്തീർന്നപ്പോൾ അവനൊരു ഭൗതികശരീരം ധരിച്ചു. അവന്റെ ഭൗതികശരീരം ഒരു കൂടാരമായിരുന്നു എന്ന് യോഹന്നാൻ 1:14 വ്യക്തമായി നമ്മോട് പറയുന്നു. യോഹന്നാൻ രണ്ടാം അദ്ധ്യായം അനുസരിച്ച്, അവന്റെ ഭൗതികശരീരം മന്ദിരവും ആയിരുന്നു. പുതിയനിയമത്തിലുടനീളം ദൈവത്തിന്റെ മന്ദിരം ഒരു സ്ഥലത്തെയല്ല, ഒരു വ്യക്തിയെയാണ് സൂചിപ്പിക്കുന്നത് എന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. യേശു ജഡത്തിലായിരുന്നപ്പോൾ അവന്റെ ശരീരം കൂടാരവും ദൈവത്തിന്റെ മന്ദിരവും ആയിരുന്നു. കൂടാരവും മന്ദിരവും രണ്ടും ദൈവത്തിന്റെ വാസസ്ഥലമാണ്. സാത്താന് അത് അറിയാമായിരുന്നു. യേശുവിന്റെ ഭൗതികശരീരം ഭൂമിയിലെ ദൈവത്തിന്റെ വാസസ്ഥലമെന്ന് സാത്താൻ മനസ്സിലാക്കിയതുകൊണ്ട് ആ ശരീരം നശിപ്പിക്കുവാൻ അവൻ പരമാവധി ശ്രമിച്ചു. അവൻ യെഹൂദന്മാരെക്കൊണ്ട് ക്രൂശിന്മേൽ അത് തകർക്കുകയും ചെയ്തു. ഒരർത്ഥത്തിൽ, സാത്താൻ കർത്താവിന്റെ ഭൗതികശരീരത്തെ തകർത്തു; മറ്റൊരർത്ഥത്തിൽ, കർത്താവായ യേശു തന്റെ ശരീരം മരണത്തിനേൽപ്പിച്ചു കൊടുത്തു. സാത്താനേ, നിനക്ക് ആവുന്നത് ചെയ്തോളു. നിനക്ക് എന്ത് ചെയ്യുവാൻ കഴിയുമെന്ന് ഞാൻ നോക്കട്ടെ. നീ എന്തു ചെയ്താലും കൂടുതലായി ചിലത് ചെയ്യുവാൻ അത് എനിക്ക് അവസരം നൽകും എന്ന് കർത്താവ് സാത്താനോട് പറയുന്നതായി തോന്നും.

### *2. ദൈവഭവനമാകേണ്ടതിന് യേശു പുനരുത്ഥാനത്തിൽ അവന്റെ ഭൗതികശരീരത്തെ ഉയിർപ്പിച്ചു*

സാത്താൻ കർത്താവിന്റെ ഭൗതികശരീരത്തെ ക്രൂശിന്മേൽ തകർത്തശേഷം, അവന്റെ ശരീരം കല്ലറയിൽ വയ്ക്കപ്പെടുകയും അവിടെ സ്വസ്ഥമായിരിക്കുകയും ചെയ്തു. പിന്നീട് കർത്താവായ

യേശു മരണത്തിലേക്ക് പോവുകയും ബ്ലാക്ക് ഹൗസ് സന്ദർശിക്കുകയും പുനരുത്ഥാനത്തിൽ പുറത്തു വരുകയും ചെയ്തു. യേശു ഉയിർത്തപ്പോൾ മരിച്ച് അടക്കപ്പെട്ട തന്റെ ശരീരത്തെ അവൻ തന്നെത്താൻ ഉയിർപ്പിച്ചു. ക്രൂശിന്മേൽ തകർക്കപ്പെട്ട യേശുവിന്റെ ശരീരം ചെറുതും ബലഹീനവും ആയിരുന്നു. പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിന്റെ ശരീരം വിശാലവും ശക്തവും ആണ്. നിങ്ങൾ ഏതിനാണ് മുൻഗണന നല്കുന്നത്-യേശുവിന്റെ ശരീരത്തിനോ ക്രിസ്തുവിന്റെ ശരീരത്തിനോ? കർത്താവിന്റെ പുനരുത്ഥാനത്തിനു ശേഷം ആലയമായ അവന്റെ ശരീരം വിശാലമായ അളവിൽ പണിയപ്പെട്ടു. ക്രൂശീകരണത്തിലൂടെ ശത്രു തകർത്ത ശരീരം കേവലം യേശുവിന്റെ ശരീരമായിരുന്നു. പുനരുത്ഥാനത്തിൽ യേശു ഉയിർപ്പിച്ചത് അവന്റെ ശരീരം മാത്രമായിരുന്നില്ല, വിശ്വാസത്താൽ അവനുമായി ഒന്നായിരിക്കുന്ന എല്ലാവരുടേതുമായിരുന്നു(1 പത്രൊ.1:3; എഫെ.2:6). കർത്താവിന്റെ ഉയിർപ്പിനുശേഷം സാത്താന് പറയേണ്ടതായി വന്നിരിക്കാം,"ഞാൻ പരാജയപ്പെട്ടു. ഞാൻ വിവേകശൂന്യനായിരുന്നു. ഞാൻ അവനെ തകർക്കരുതായിരുന്നു."എന്നിരുന്നാലും, സാത്താൻ മാനസാന്തരപ്പെടുവാൻ വൈകിപ്പോയി.

ഒരിക്കൽ ഒരു സ്ഥലം സഭ ക്ഷതമേൽക്കുകയും തകർക്കപ്പെടുകയും ചെയ്താൽ, പുനരുത്ഥാനത്തിൽ അത് മുമ്പുണ്ടായിരുന്നതിലും വളരെ വലുതായിത്തീരുമെന്ന് നിങ്ങൾക്ക് ഉറപ്പാക്കുവാൻ കഴിയും. കർത്താവായ യേശു എപ്പോഴും ശത്രുവിനെക്കാൾ പ്രബലനാണ്. സാത്താന്റെ പ്രവർത്തനത്താൽ ഭയപ്പെട്ടു പോകരുത്. പലപ്പോഴും നാം തീവ്രമായി പ്രാർത്ഥിക്കേണ്ട ആവശ്യവുമില്ല. നാം ഇങ്ങനെ പറഞ്ഞാൽ മതിയാകും,"സാത്താനേ, നിനക്ക് ആവുന്നത്ര ചെയ്യുക. നീ ചെയ്യുന്നതൊക്കെയും ഞങ്ങളുടെ കർത്താവായ യേശുവിന് നിന്നെ ജയിക്കുവാനുള്ള അവസരം നൽകുകയേ ഉള്ളൂ." സഭയ്ക്ക് പ്രശ്നം വരുമ്പോഴെല്ലാം പെട്ടെന്ന് ഒരു യോഗം വിളിക്കണമെന്നും പ്രാർത്ഥിക്കണമെന്നും പല സഹോദരന്മാരും കരുതും. എന്നാൽ നിങ്ങൾ അത്ര തിടുക്കം കാണിക്കേണ്ട ആവശ്യമില്ല. സമാധാനമായിരിക്കുക. സാത്താന്റെ പ്രവർത്തനത്താൽ ഭയപ്പെടേണ്ടതില്ല. യെഹൂദന്മാർ യേശുകർത്താവിനെ തകർക്കുവാൻ ശ്രമിക്കുന്നു എന്നറിഞ്ഞപ്പോൾ, "പിതാവേ, ഈ യെഹൂദന്മാരെയെല്ലാം കൊല്ലണമേ. പിതാവേ, എന്നെ രക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യണമേ,"എന്ന് അവൻ പ്രാർത്ഥിച്ചില്ല. അപ്രകാരം പ്രാർത്ഥിക്കുന്നതിനു പകരം കർത്താവ് അവരോട് ഇങ്ങനെ പറഞ്ഞതായി തോന്നും,"എന്നെ കൊല്ലുവാൻ നിങ്ങൾക്കാവുന്നത്ര ചെയ്യുക. നിങ്ങളെന്നെ മരണത്തിനേല്പിച്ച ശേഷം എനിക്ക് വർദ്ധിക്കുവാൻ അവസരം ലഭിക്കും എന്ന് തീർച്ചയായി അറിഞ്ഞുകൊള്ളുക."കർത്താവിന്റെ ലക്ഷ്യത്തെ തടസ്സപ്പെടുത്തുവാൻ ആർക്കും കഴിയുകയില്ല. ശത്രു ചെയ്യുവാൻ ശ്രമിക്കുന്തോറും ചിലത് ചെയ്യുവാൻ കർത്താവിന് അവസരം ലഭിക്കുന്നു. കർത്താവ്

ചെയ്യുന്നതെല്ലാം എപ്പോഴും പുനരുത്ഥാനത്തിലാണ്. കർത്താവ് മൂന്ന് ദിവസംകൊണ്ട് ആലയം പണിയുന്നത്, അവൻ അത് പുനരുത്ഥാനത്തിൽ ചെയ്യുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

### *3. നിസ്തുലമായ അടയാളം യേശുവിന്റെ പുനരുത്ഥാനം*

യെഹൂദന്മാർ കർത്താവായ യേശുവിനോട് അവർക്ക് ഒരു അടയാളം കാണിച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടു."ഈ മന്ദിരം പൊളിക്കുവിൻ മൂന്നു ദിവസം കൊണ്ട് ഞാൻ അതിനെ പണിയും"എന്ന് കർത്താവ് മറുപടി പറഞ്ഞു(2:19). കർത്താവിന്റെ പുനരുത്ഥാനമാണ് നിസ്തുലമായ അടയാളം. സഭയുടെ കെട്ടുപണിയിൽ യെഹൂദന്മാരെപ്പോലെ ആളുകൾ പലപ്പോഴും നമുക്ക് എന്ത് അത്ഭുതം ചെയ്യുവാൻ കഴിയുമെന്ന് വെല്ലുവിളിക്കാറുണ്ട്. അത്ഭുതങ്ങൾ നടത്തുവാൻ ശ്രമിക്കുവാനായി നാം പ്രലോഭിപ്പിക്കപ്പെടരുത്. നാം കർത്താവായ യേശുവിനെ അനുഗമിക്കുകയും നമ്മെത്തന്നെ മരണത്തിനേല്പിക്കുകയും വേണം. അപ്പോൾ ക്രിസ്തു പുനരുത്ഥാനത്തിൽ വെളിപ്പെടും. ഇതാണ് സഭയുടെ കെട്ടുപണിക്ക് ആവശ്യമായിരിക്കുന്ന അടയാളമായ അത്ഭുതം. സഭയുടെ കെട്ടുപണിക്കായുള്ള നിസ്തുല അടയാളം പുനരുത്ഥാനത്തിലെ ജീവനാണ്.

### *4. ദൈവത്തിന്റെ ഭവനം ക്രിസ്തുവിന്റെ ശരീരത്തോടുകൂടെ പുനരുത്ഥാനത്തിൽ ഇപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുന്നു*

തന്റെ ശരീരം ഉയിർത്ത ദിവസം മുതൽ കർത്താവായ യേശു തന്റെ ശരീരം പുനരുത്ഥാനജീവനിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. അവന്റെ പുനരുത്ഥാനത്തിൽ ക്രിസ്തുവിന് എത്ര ബൃഹത്തായ ശരീരമാണ് ഇന്നുള്ളത്! ക്രിസ്തുവിന്റെ ശരീരത്തിന്റെ വലിപ്പം നിങ്ങൾക്ക് അളക്കാനാകുമോ? ഒരിക്കൽ യേശുവിന്റെ ഭൗതികശരീരം അളക്കുവാൻ സാധ്യമായിരുന്നുവെങ്കിലും, ക്രിസ്തുവിന്റെ ശരീരത്തിന്റെ വലിപ്പം അളക്കുക അസാധ്യമാണ്. കർത്താവ് പുനരുത്ഥാനത്തിൽ അവന്റെ ശരീരത്തിന്റെ കെട്ടുപണി തുടർന്നുകൊണ്ടിരിക്കുന്നു. സാത്താൻ ഇതിനെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഭവനം ക്രിസ്തുവിന്റെ ശരീരത്തോടൊപ്പം പുനരുത്ഥാനത്തിൽ ഇപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്നു(1 തിമൊ.3:15; 1 പത്രൊ.2:5; 1 കൊരി.3:9; എഫെ.2:21-22). ഇന്നും നാം"മൂന്ന് ദിവസ"ത്തിനുള്ളിലാണ്, കാരണം കർത്താവിപ്പോഴും പുനരുത്ഥാനപ്രക്രിയയുടെ കീഴിൽ അവന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കർത്താവിന്റെ ശരീരത്തിന്റെ വലിയൊരു ഭാഗം ഉയിർപ്പിക്കപ്പെട്ടു കഴിഞ്ഞു. എന്നാൽ അവന്റെ ശരീരത്തിന്റെ കുറെ അംഗങ്ങൾ ഇതുവരെയും ഉയിർത്തിട്ടില്ല. അതുകൊണ്ട്, കർത്താവിന്റെ ശരീരം ഇപ്പോഴും പുനരുത്ഥാനപ്രക്രിയയിലാണ്. നിങ്ങളിൽ പോലും ഒരു ഭാഗം മാത്രമേ രൂപാന്തരപ്പെട്ടിട്ടുള്ളൂ. അതായത്, ഒരു

ഭാഗം മാത്രമേ ഉയിർത്തിട്ടുള്ളു. രൂപാന്തരപ്രക്രിയയിലൂടെ കർത്താവിപ്പോഴും നിങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ഇപ്പോഴും പുനരുത്ഥാനപ്രക്രിയയിലാണ്. സഭ ഇന്നും മൂന്നു ദിവസത്തെ പുനരുത്ഥാനപ്രക്രിയയിലാണ്.

ശത്രു സഭയ്ക്ക് വരുത്തുന്ന എല്ലാ കേടുപാടുകളും കർത്താവിന് അവന്റെ ശരീരം പുനരുത്ഥാനത്തിൽ വികസിപ്പിക്കുന്നതിന് അവസരം നൽകുന്നതേയുള്ളൂ. തായ്‌വാനിലെ സഭാജീവിതം നശിപ്പിക്കുവാൻ 1958 മുതൽ ശത്രു കൊണ്ടുവന്നതായ ആ കൊടുങ്കാറ്റ് ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഒരുപക്ഷേ ഇന്ന് ഈ രാജ്യത്ത് ആയിരിക്കുകയില്ലായിരുന്നു. ശത്രു അവനാകുന്നതെന്തും ചെയ്യട്ടെ. കാരണം അവന്റെ പ്രവൃത്തി കർത്താവിന് പുനരുത്ഥാനത്തിലുള്ള തന്റെ വർദ്ധനവിനായി പ്രവർത്തിക്കുവാൻ അവസരം നൽകുകയേ ഉള്ളൂ. കർത്താവിനു സ്തോത്രം! കർത്താവ് അവന്റെ പ്രത്യുദ്ധാരം അമേരിക്കയിൽ ആരംഭിച്ചതു മുതൽ ധാരാളം പ്രതിലോമ കാര്യങ്ങൾ സംഭവിച്ചു. എന്നാൽ നാമെല്ലാം അവന്റെ പ്രബലമായ മാർഗ്ഗത്തിനായി അവനെ ആരാധിക്കണം. ശത്രു ജയിച്ചതായ ഒരു സംഭവംപോലും ഞാൻ കണ്ടിട്ടില്ല. അവൻ കർത്താവിന്റെ പ്രത്യുദ്ധാരത്തെ സഹായിച്ചു. ശത്രുവിന് ഒരിക്കലും കർത്താവായ യേശുവിനെ തോൽപ്പിക്കുവാൻ കഴിയുകയില്ല. പണിയപ്പെട്ട സഭയെ ജയിക്കുവാൻ പാതാളഗോപുരങ്ങൾക്ക് ഒരിക്കലും കഴിയുകയില്ല(മത്താ.16:18). സഭ ഇപ്പോഴും തുടരുകയും വളരുകയും ചെയ്യുന്നു. ഹാലേലൂയ്യ! അതിനെ ഇടിച്ചു കളയുവാൻ ശത്രു പരമാവധി ശ്രമിക്കുമെങ്കിലും നാംതന്നെ ജയം കാണും. കർത്താവായ യേശു സ്വയം ജയിക്കുന്നതു മാത്രമല്ല, എന്നാൽ സഭയുംകൂടി ജയിക്കുന്നത് നാം കാണും. കർത്താവിന്റെ പ്രത്യുദ്ധാരത്തെ സംബന്ധിച്ച് പ്രതിലോമ സംസാരം കൂടുന്തോറും അവന്റെ പ്രത്യുദ്ധാരം ബലവത്തായിത്തീരുന്നു.

## C. മരണത്തെ ജീവനാക്കി മാറ്റുന്നത് ദൈവഭവനത്തിന്റെ കെട്ടുപണിക്കുവേണ്ടി

വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്നതിൽ ജീവന്റെ തത്ത്വം സ്ഥാപിച്ചിരിക്കുന്നു. ഇപ്പോൾ, ആലയത്തോട് ഇടപെടുന്നതിൽ, ജീവന്റെ ഉദ്ദേശ്യം കാണിച്ചിരിക്കുന്നു. ജീവന്റെ തത്ത്വം എന്നത് മരണത്തെ ജീവനാക്കി മാറ്റുന്നതാണ്. ജീവന്റെ ഉദ്ദേശ്യം ദൈവഭവനത്തിന്റെ കെട്ടുപണിയാണ്. ജീവന്റെ തത്ത്വം ജീവന്റെ ഉദ്ദേശ്യത്തിനുവേണ്ടിയാണ്. മരണത്തെ ജീവനാക്കി മാറ്റുന്നത് ജീവന്റെ കെട്ടുപണിക്ക്, ദൈവത്തിന്റെ കെട്ടുപണിക്ക് വേണ്ടിയാണ്. യോഹന്നാന്റെ സുവിശേഷത്തെ മുഴുവൻ നിയന്ത്രിക്കുന്നത് ഈ രണ്ട് സംഗതികളാണ്. ഇതിനാലാണ് ഒന്നാം അദ്ധ്യായത്തിലെ മുഖവുരയെ തുടർന്ന് രണ്ടു സംഭവങ്ങളിലായി ഈ രണ്ടു സംഗതികൾ നമ്മെ കാണിക്കുവാൻ രണ്ടാം അദ്ധ്യായം പിന്നീട് വരുന്നത്. പിന്നീട് മൂന്നാം അദ്ധ്യായം

മുതൽ പതിനൊന്നാം അദ്ധ്യായം വരെ, കർത്താവ് മനുഷ്യന്റെ എല്ലാ വിധ സാഹചര്യങ്ങളിലേക്കും കടന്നുവന്ന് മരണത്തെ ജീവനാക്കി മാറ്റുന്നത് എങ്ങനെയെന്ന് തെളിയിക്കുന്ന ഒമ്പത് സംഭവങ്ങളുടെ രേഖയുണ്ട്. എല്ലാ സംഭവങ്ങളും ബന്ധിപ്പിക്കുന്നതിനും പതിനാലും പതിനഞ്ചും പതിനാറും അദ്ധ്യായങ്ങളിൽ അവസാനദൂത് നൽകിയതിനും ശേഷം പതിനേഴാം അദ്ധ്യായത്തിൽ കർത്താവ് ഒരുമയെ സംബന്ധിച്ച് പിതാവിനോട് പ്രാർത്ഥിച്ചു. ഒരുമയ്ക്കുവേണ്ടിയുള്ള ഈ പ്രാർത്ഥന കേവലം കെട്ടുപണിക്കുവേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു. നാം പണിയപ്പെടുന്നില്ലെങ്കിൽ നമുക്ക് ഒരിക്കലും ഒന്നായിരിക്കുവാൻ കഴിയുകയില്ല. ഉദാഹരണത്തിന്, സാമഗ്രികളുടെ ഒരു കൂമ്പാരത്തിന് ഒന്നായിരിക്കുവാൻ കഴിയുകയില്ല. കാരണം സാമഗ്രികൾ ചേർത്തു പണിയപ്പെട്ടിട്ടില്ല. അനേക സാമഗ്രികൾ ഒരുമിച്ച് ചേർന്നതാണ് ഒരു വീട്. അവ ചേർത്തു പണിയപ്പെട്ടിരിക്കുന്നതിനാൽ ആ സാമഗ്രികൾ ഒന്നാണ്. സാമഗ്രികളെല്ലാം ഒരു കെട്ടിടമായി ചേർത്ത് പണിയപ്പെടുമ്പോൾ മാത്രമേ ഒരുമ ആകുന്നുള്ളൂ. ഒരുമയുടെ അർത്ഥം ചേർത്തുപണിയപ്പെടുക എന്നതാണ്. അതുകൊണ്ട്, ജീവന്റെ ഉദ്ദേശ്യം ദൈവത്തിന്റെ വാസസ്ഥാനത്തിനുവേണ്ടി ദൈവാലയമായ ദൈവഭവനം കെട്ടുപണിയുക എന്നതാണ്. കർത്താവ് നമുക്ക് ജീവനായിരിക്കുന്നതിന്റെ ഉദ്ദേശ്യം ദൈവത്തിന്റെ വാസസ്ഥലമായി സഭയെ പണിയുക എന്നതാണ്. ജീവൻ കെട്ടുപണിക്കുവേണ്ടിയാണ്. ജീവൻ സഭയ്ക്കുവേണ്ടിയാണ്. കർത്താവ് നമ്മുടെ ജീവനായി വന്നത് അവന്റെ ശരീരവും ദൈവഭവനവുമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയാണ്.

യോഹന്നാൻ 2-ൽ എഴുത്തുകാരൻ, കർത്താവ് ചെയ്ത അനേക കാര്യങ്ങളിൽ രണ്ടു സംഭവങ്ങൾ, ജീവന്റെ പ്രമാണവും ഉദ്ദേശ്യവും നമ്മെ കാണിക്കുവാനായി തിരഞ്ഞെടുത്തു. ജീവന്റെ ഉദ്ദേശ്യത്തിനായി നാം ജീവന്റെ തത്ത്വം പ്രയോഗിക്കണം. അപ്പോൾ യോഹന്നാന്റെ സുവിശേഷത്തിലെ ശേഷിക്കുന്ന അദ്ധ്യായങ്ങളിൽ ആദ്യത്തെ സംഭവത്തിൽ സൂചിപ്പിച്ചിരിക്കുന്ന ജീവന്റെ പ്രമാണവും രണ്ടാമത്തെ സംഭവത്തിൽ കാണിച്ചിരിക്കുന്ന ജീവന്റെ ഉദ്ദേശ്യവും നാം കാണും.